# THE MALANKARA ORTHODOX SYRIAN CHURCH

CATHOLICATE OF THE EAST

## ADMINISTRATIVE COUNCIL

Metropolitan Kuriakose Mar Clemis
President

Catholicate Palace
Devalokam P. O, Muttambalam
Kottayam - 686004

**No: MOSC/AC/42/2021**

**ത്രിയേക ദൈവത്തിന്റെ വലിയ തിരുനാമത്തിൽ (തനിക്ക്) സ്തുതി**

**ദൈവ കൃപയാൽ തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്തായും, മലങ്കര ഓർത്തഡോക്സ് സഭാ അഡ്മിനിസ്റ്ററ്റീവ് കൗൺസിൽ പ്രസിഡന്റുമായ കുര്യാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്തായിൽ നിന്നും**

നമുക്ക് എത്രയും വാത്സല്യമുള്ള നമ്മുടെ എല്ലാ ഇടവകകളിലെയും വികാരിമാരും, സഹപട്ടക്കാരും, പള്ളി കൈസ്ഥാനികളും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, ആത്മീയ പ്രസ്ഥാനം ഭാരവാഹികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

കർത്താവിൽ നമ്മുടെ വാത്സല്യ മക്കളെ,

2021 ഒക്ടോബർ മാസം 14-ാം തീയതി പരുമല സെമിനാരിയിൽ കൂടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷനിലേക്ക് പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി കണ്ടനാട് വെസ്റ്റ് മെത്രാസനാധിപൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള വിവരം ഇതിനോടകം തന്നെ നിങ്ങൾ അറിഞ്ഞുകാണുമല്ലോ. വിശുദ്ധ സഭയുടെ നായകനും നടത്തിപ്പുകാരനും വിശുദ്ധ ത്രിത്വമാകുന്നു. പരിശുദ്ധ റൂഹാ ആകുന്നു ഈ സഭയെ നയിക്കുന്നത്. ഇക്കാര്യങ്ങളിൽ നിങ്ങൾ കൂടുതൽ ബോധ്യമുള്ളവരും, സഭയ്ക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നവരും ആയിരിക്കണം. കിഴക്കൊക്കെയുടെയും ഭാഗ്യമുള്ള വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹീക സിംഹാസനത്തിന്റെ മഹിമ ഒരു നാളും കെട്ടുപോകാതെ ഭാസുര ശോഭയോടെ ലോകത്തിന് മുഴുവൻ പ്രകാശം പരത്തുവാൻ തക്കവണ്ണം നിങ്ങൾ ഏവരുടെയും പ്രാർത്ഥന വളരെ ആവശ്യമാകുന്നു. രഥങ്ങളിലും കുതിരകളിലും അല്ല, ജീവനുള്ള ദൈവത്തിൽ ആകുന്നു നമ്മുടെ ശരണം. ആകയാൽ ചെറിയ ആട്ടിൻകൂട്ടമേ, നാം ഭയപ്പെടേണ്ടതില്ല.

വീണ്ടും പ്രിയരെ,

ഒക്ടോബർ മാസം 14- ാം തീയതി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം പരുമല സെമിനാരി അങ്കണത്തിൽ വച്ച് കൂടി, തെരഞ്ഞെടുപ്പ് പ്രക്രിയകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. പരിശുദ്ധ സഭയുടെ ചരിത്രപ്രധാനമായ ദിനങ്ങളിലേക്കാണ് നാം പ്രവേശിക്കുന്നത്. ഈ ദിനങ്ങളിലെല്ലാം ദൈവത്തിന്റെ അനവരതമായ കൃപകളും അനുഗ്രഹങ്ങളും സഭയുടെമേൽ

(മറുപുറം)

Website : www.mosc.in E- Mail : adcouncil@mosc.in, officeofthecatholicos@mosc.in
Telephone : 0481-2574323, 2578500

ചൊരിയുന്നതിനും, എല്ലാ കാര്യങ്ങളും നിറപടിയായി പൂർത്തീകരിക്കുന്നതിനും മലങ്കര സഭ ഒന്നടങ്കം മുട്ടിപ്പായി ദൈവമുമ്പാകെ പ്രാർത്ഥിക്കണം. ഈ വരുന്ന 13, 14, 15 തീയതികൾ പ്രത്യേകം വേർതിരിച്ച് സഭ ഒന്നാകെ പ്രാർത്ഥിക്കുവാൻ നാം നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. ഇടവക വികാരിമാരും, ആത്മീയ പ്രസ്ഥാനം പ്രവർത്തകരും ഇക്കാര്യത്തിൽ വളരെ ശ്രദ്ധയുള്ളവരും ഉത്സാഹികളും ആയിരിക്കണം.

ശേഷം പിന്നാലെ,
സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങളും കരുണയും നിങ്ങൾ എല്ലാവരുടെ മേലും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

**കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ**

പരിശുദ്ധ യൽദോ മാർ ബസേലിയോസ്
ബാവായുടെ ദുഖ്റോനോ ദിനം,
ദേവലോകം കാതോലിക്കേറ്റ്
അരമനയിൽ നിന്നും